**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4893** **20-03-2025 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേയുടെ തിരുവനന്തപുരം ജില്ലയിലെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന മലയോര ഹൈവേയുടെ തിരുവനന്തപുരം ജില്ലയിലെ നിർമ്മാണ പുരോഗതി അറിയിക്കുമോ; ഇനി എത്ര കിലോമീറ്റർ ദൂരമാണ് ജില്ലയിൽ പൂർത്തീകരിക്കാനുള്ളതെന്ന വിവരം അറിയിക്കുമോ? | (എ) | തിരുവനന്തപുരം ജില്ലയിലെ മലയോര ഹൈവേയുടെ ഒന്നാം ഘട്ടമായ കുടപ്പനമൂട് പാറശ്ശാല റോഡിന്റെ (15.7 കിലോമീറ്റർ) നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി.<br><br>രണ്ടാം ഘട്ടമായ കള്ളിക്കാട് വാഴിച്ചൽ റോഡിന്റെ 7.3 കിലോമീറ്റർ റോഡിൽ 6 കിലോമീറ്റർ ഭാഗത്തെ നിർമ്മാണപ്രവൃത്തികൾ പൂർത്തിയായി. ഈ റോഡിൽ 4 ഭാഗങ്ങളിലായി പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 38 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതിനാൽ 1.30 കിലോമീറ്റർ ഭാഗത്തെ റോഡ് പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്.<br><br>മൂന്നാം ഘട്ടമായ വാഴിച്ചൽ-കുടപ്പനമൂട് റോഡിൽ (2.75 കിലോമീറ്റർ) GSB, WMM പ്രവൃത്തികൾ പുരോഗമിക്കുന്നു. കലുങ്കുകളുടെയും ഓടകളുടെയും നിർമ്മാണപ്രവൃത്തികൾ 90% പൂർത്തിയായി.<br><br>മലയോര ഹൈവേയുടെ പെരിങ്ങമ്മല വിതുര കൊപ്പം റീച്ചിൽ ആകെ 9.50 കിലോമീറ്റർ ദൂരത്തിൽ 8 കിലോമീറ്റർ DBM പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഭാഗത്തു DBM ഉം മുഴുവൻ ദൂരത്തിൽ BC യും പൂർത്തീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ